**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2712** **24-02-2026 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | **മങ്കട മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പട്ടികജാതി വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - I ആയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം - II ആയും ചേർക്കുന്നു.** |
| (ബി) | പ്രസ്തുത കാലയളവിൽ ഭവനനിർമാണം, കോളനി വികസനം, കുടിവെള്ളം, റോഡ്, വൈദ്യുതി, ശുചിത്വ സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന **മങ്കട മണ്ഡലത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് അനുവദിച്ച തുകയും വിനിയോഗിച്ച തുകയും അനുബന്ധം - III ആയി ചേർക്കുന്നു.**<br><br>**പ**ട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മങ്കട മണ്ഡലത്തിൽ ഒരു പട്ടികവർഗ്ഗ ഉന്നതി മാത്രമാണ് ഉള്ളത്. ആ ഉന്നതിയിൽ 8 വീടുകളുണ്ട്. ഇതിൽ സേഫ് ഭവന പുന:രുദ്ധാരണ പദ്ധതിയിൽ 4 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട് . |
| (സി) | ഈ മണ്ഡലത്തിന് കീഴിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹാരമായി എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ സമഗ്രമായ ഹോം സർവ്വേ വഴി ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. **ഇത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ഡി) | ഈ മണ്ഡലത്തിന് കീഴിലെ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | **മങ്കട നിയോജക മണ്ഡലത്തിലെ മുണ്ടയിൽപടി ഉന്നതി 2025-26 ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട് .** |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - I</u>

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച വർഷം | ആകെ എണ്ണം | അനുവദിച്ച തുക (രൂപ) | വിനിയോഗിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1. | ഭവന നിർമ്മാണം (വൾനറബിൾ) ഭവനത്തിന്റെ എണ്ണം-3 | 2022-23 | 3 | 17,10,000/- | 17,10,000/- |
| | | 2023-24 | | | |
| | | 2024-25 | | | |
| 2. | പഠനമുറി | 2021-22 | 22 | 4370000 | 4370000 |
| | | 2022-23 | 22 | 4290000 | 4290000 |
| | | 2023-24 | 26 | 5320000 | 5320000 |
| | | 2024-25 | 27 | 2720000 | 2720000 |
| 3 | വിവാഹധനസഹായം | 2021-22 | 35 | 2625000 | 2625000 |
| | | 2022-23 | 36 | 2720000 | 2720000 |
| | | 2023-24 | 24 | 1725000 | 1725000 |
| | | 2024-25 | 24 | 2400000 | 2400000 |
| 4. | വീട് പുനരുദ്ധാരണം | 2021-22 | 26 | 3900000 | 3900000 |
| | | 2022-23 | 28 | 4200000 | 4200000 |
| | | 2023-24 | 19 | 2850000 | 2850000 |
| 5. | ചികിത്സാ ധനസഹായം | 2021-22 | 43 | 992200 | 992200 |
| | | 2022-23 | 59 | 1680000 | 1680000 |
| | | 2023-24 | 10 | 220000 | 220000 |
| | | 2024-25 | 42 | 875000 | 875000 |
| 6. | ഭൂമി | 2021-22 | 16 | 7000000 | 7000000 |
| | | 2022-23 | 13 | 4875000 | 4875000 |
| | | 2023-24 | 22 | 825000 | 825000 |
| | | 2024-25 | 15 | 5750000 | 5750000 |
| | | 2025-26 | 8 | 3000000 | 3000000 |

## അനുബന്ധം – II

| ക്ഷേമ പദ്ധതി | പഞ്ചായത്ത് | വർഷം | ഗുണഭോക്താക്കൾ |
|---|---|---|---|
| സേഫ് ഭവന പുനഃരുദ്ധാരണം | മങ്കട പഞ്ചായത്ത് | 2024–25 | 4 |

# <u>അനുബന്ധം – III</u>

<table>
<tr><th>ക്രമ നമ്പർ</th><th>പദ്ധതികൾ</th><th>തുക അനുവദിച്ച വർഷം</th><th>അനുവദിച്ച തുക (രൂപ)</th><th>വിനിയോഗിച്ച തുക (രൂപ)</th></tr>
<tr><td>1.</td><td>ഭവന നിർമ്മാണം</td><td>2022-23</td><td rowspan="3">17,10,000/-</td><td rowspan="3">17,10,000/-</td></tr>
<tr><td>2</td><td>വൾനറബിൾ</td><td>2023-24</td></tr>
<tr><td>3</td><td>ഭവനത്തിന്റെ എണ്ണം-3</td><td>2024-25</td></tr>
</table>